# STD - I

## അദ്ധ്യാപക സഹായി

## പാഠം – എട്ട്    ഈശോയുടെ അമ്മ നമ്മുടെയും    ഭാഗം – ഒന്ന്

### ലക്ഷ്യം

ഈശോയുടെയും നമ്മുടെയും അമ്മയായ സ്നേഹമുള്ള പരിശുദ്ധ മറിയത്തെ ഞാൻ സ്നേഹിക്കുകയും വണങ്ങുകയും ചെയ്യും.

### പഠനസഹായികൾ

* ചിത്രങ്ങൾ – പരിശുദ്ധ മറിയം ഉണ്ണീശോയെ കൈകളിൽ എടുത്തിരിക്കുന്നത്.
* ചിത്രങ്ങൾ – അമ്മമാരും കുഞ്ഞുങ്ങളും
* അമ്മക്കോഴിയെയും കുഞ്ഞുങ്ങളെയും ആക്രമിക്കുന്ന പരുന്ത് – വീഡിയോ
* YOUCAT - 82, 85 (ദൈവത്തിന്റെ അമ്മ; മറിയം നമ്മുടെ അമ്മ)
* വചനം – യോഹ. 19:27
* CCC-967, 975 (മറിയം നമ്മുടെ അമ്മ, സഭയുടെ അമ്മ)
* CCC- 971 - പരിശുദ്ധ മറിയത്തോടുള്ള വണക്കം

### പാഠത്തിന്റെ ഉള്ളടക്കം

* നമ്മെ പാലൂട്ടി വളർത്തുന്ന അമ്മ
* എന്നും എന്റെ കൂടെയുള്ള അമ്മയെ എനിക്കിഷ്ടമാണ്.
* പരുന്തിന്റെ ആക്രമണത്തിൽ നിന്നും കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന അമ്മക്കോഴി
* പരിശുദ്ധ മറിയം ഈശോയുടെ അമ്മയാണ്.
* നമ്മുടെ രക്ഷകനും ദൈവവുമായ ഈശോയുടെ അമ്മ നല്ല സ്നേഹമുള്ള അമ്മ യാണ്.
* ദൈവത്തിന്റെ അമ്മയായ പരിശുദ്ധ മറിയം നമ്മുടെയും അമ്മയാണ്.
* ഇതാ, നിന്റെ അമ്മ – (യോഹ. 19:27)
* ഈശോയുടെ അമ്മയായ മറിയവും അമ്മക്കോഴിയെപ്പോലെ എല്ലാ സമയവും നമ്മെ കാത്തുരക്ഷിക്കുന്നു.
* പരിശുദ്ധ മറിയത്തെ നാം മാതാവ് എന്നു വിളിക്കുന്നു.
* മാതാവ് നമ്മുടെ പ്രാർത്ഥന കേൾക്കുന്നു.
* ഈശോയെ സ്നേഹിക്കുവാനും കൂടുതൽ അറിയുവാനും മാതാവ് നമ്മെ പഠിപ്പി ക്കുന്നു.

## പ്രാർത്ഥന

ദൈവത്തിന്റെ അമ്മയായ പരിശുദ്ധമാതാവേ, ഞാൻ അങ്ങയെ സ്നേഹിക്കുകയും വണ ങ്ങുകയും ചെയ്യുന്നു. ഈശോയെ കൂടുതൽ സ്നേഹിക്കുവാനും അറിയുവാനും വേണ്ട അനുഗ്രഹങ്ങൾ നൽകണമേ.

## ചോദ്യങ്ങൾ

1. സ്വന്തം അമ്മയെ എന്തുകൊണ്ടാണ് ഇഷ്ടമാണെന്ന് പറയുന്നത്?
2. പരിശുദ്ധമറിയം ആരുടെയെല്ലാം അമ്മയാണ്? എങ്ങനെയുള്ള അമ്മയാണ്?
3. നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തെ നാം എന്ത് പേര് പറഞ്ഞാണ് വിളിക്കുന്നത്?
4. ഈശോ നമ്മുടെ ആരാണ്?
5. നമ്മുടെ മാതാവായ പരിശുദ്ധ മറിയം നമുക്കുവേണ്ടി എന്തെല്ലാം ചെയ്യുന്നു?

# STD - I

## അദ്ധ്യാപക സഹായി

## പാഠം – എട്ട്   ഈശോയുടെ അമ്മ നമ്മുടെയും   ഭാഗം – രണ്ട്

### ലക്ഷ്യം

നമ്മെ നിത്യവും കാത്തുസംരക്ഷിക്കുന്നതും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതും നമ്മുടെ അമ്മയും ആശ്രയവുമായ പരിശുദ്ധ മറിയമാണ്. യേശു പരിശുദ്ധ മറിയത്തെ അനുസരിച്ചതുപോലെ ഞാനും എന്റെ അമ്മയെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ഉണ്ണിയുടെയും മാതാവിന്റെയും ചിത്രങ്ങൾ
* പരിശുദ്ധ മറിയത്തിന്റെ സവിശേഷതകൾ  – ചാർട്ട്
* YOUCAT - 480 (നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന)
* മറിയത്തെ ഭക്തിയോടെ വിളിച്ച് അപേക്ഷിക്കുക (വിശുദ്ധ ബർണാർഡ്)
  YOUCAT Page No. 264
* അമ്മയെക്കുറിച്ചുള്ള പാട്ട്
* നന്മ നിറഞ്ഞ മറിയമേ – പ്രാർത്ഥന കുട്ടികൾ ചൊല്ലുന്ന വീഡിയോ.

### പാഠത്തിന്റെ ഉള്ളടക്കം

* താരാട്ടു പാടിയുറക്കുമമ്മ – പാട്ട്
* പരിശുദ്ധ മറിയത്തിന്റെ സവിശേഷതകൾ – ദൈവമാതാവ്, എന്റെ അമ്മ, സ്വർഗ്ഗലോക രാജ്ഞി, ജപമാല രാജ്ഞി, കാരുണ്യത്തിന്റെ അമ്മ, നന്മ നിറഞ്ഞ മറിയം...
* യേശു മാതാവായ മറിയത്തെ അനുസരിച്ചതുപോലെ നാമും നമ്മുടെ അമ്മയെ അനുസരിക്കും.
* പരിശുദ്ധ മറിയത്തിനോടുള്ള സത്പ്രവൃത്തികൾ.
* നന്മനിറഞ്ഞ അമ്മയോടുള്ള പാപികളായ നമ്മുടെ പ്രാർത്ഥന.

### പ്രാർത്ഥന

കാരുണ്യത്തിന്റെ അമ്മയും ഞങ്ങളുടെ ആശ്രയവുമായ നന്മ നിറഞ്ഞ മറിയമേ, ഞങ്ങൾക്കുവേണ്ടി നിത്യവും പ്രാർത്ഥിക്കണമേ.

## ചോദ്യങ്ങൾ

1. പരിശുദ്ധ മറിയത്തിന്റെ ഏതെങ്കിലും നാലു സവിശേഷതകൾ പറയുക.
2. അമ്മയെക്കുറിച്ച് നാലുവരി പാട്ടു പാടുക.
3. അമ്മയെക്കുറിച്ചുള്ള ഉണ്ണിക്കവിത ചൊല്ലുക.
4. പരിശുദ്ധ മറിയത്തിന്റെ അനുഗ്രഹം ലഭിക്കാനായി നിങ്ങൾ ചെയ്യേണ്ട രണ്ടു സത്പ്രവൃത്തികൾ പറയുക.
5. മാതാവിനോടുള്ള പ്രാർത്ഥന "നന്മ നിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന ചൊല്ലുക.